ശ്രീ. ടി. കെ. നാരായണപിള്ള : അതിനെ സംബന്ധിച്ചു് ഒരു തീരുമാനം ചെയ്തിട്ടില്ല. മത്സ്യത്തൊഴിലാളികൾക്കു് അതുമൂലമുള്ള വിഷമതകൾക്കു് വേണ്ട പരിഹാരം ചെയ്തുകൊടുത്തിരിക്കുകയാണു് ചെയ്തിരിക്കുന്നതു്.

ശ്രീ. റഫേൽ ജെ. റോഡ്രിഗ്സ് : പരാതി തീരണമെങ്കിൽ അതു് ഗവ മെണ്ടു് ഏറ്റെടുത്തു നടത്തുകയാണു് വേണ്ടതു്.

ശ്രീ. ടി. കെ. നാരായണപിള്ള : അതു പെട്ടെന്നു് ഗവമെണ്ടിനു് ഏറ്റെടുത്തു നടത്തുവാൻ സാധിക്കുകയില്ല.

Sri. P. Balakrishnan Tampi: May I know whether Government have received any memorandum from the fish-eating members of this House complaining that the price of fish is mounting up very high and that it should be controlled.

(No answer)

പുതുവൽ ഭൂമി

*൪൪൮. (ക൪) ശ്രീ. റ൦ി. റ൦ി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

†(എ) നെയ്യാറ്റിൻകര താലൂക്കിൽ, വിളപ്പിൽ പകുതിയിൽ പിന്നോക്കവർഗ്ഗക്കാർക്കു് സൗജന്യവ്യവസ്ഥയിൽ പതിച്ചു നൽകിയ പുതുവൽ ഭൂമികളിൽ ഏതെങ്കിലും ഭാഗം കരക്കുടിശ്ശികക്കു വേലം ചെയ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ടി സ്ഥലങ്ങൾ ഏതെല്ലാം സർവ്വെ നമ്പരുകളിൽ;

(സി) എത്ര ഏക്കർ സ്ഥലം;

(ഡി) ഗവമെണ്ടു തിരിയെ എടുത്തു തരിശിൽ ചേർത്തിട്ടുള്ള സ്ഥലങ്ങൾ ഏതെല്ലാം സർവ്വെ നമ്പരുകളിൽ;

(ഇ) ആകെ എത്ര ഏക്കർ സ്ഥലം?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): (എ) ചിലസ്ഥലങ്ങൾ ലേലത്തിൽ പോയിട്ടുണ്ടു്.

(ബി) നെയ്യാറ്റിൻകര താലൂക്കിൽ വിളപ്പിൽ പകുതിയിൽ സർവ്വെ ൪൨൩-ൽ ക ൫ ൦, ൪൨൩-ൽ . ൫൨, ൪൨൩-ൽ ക ൫൩, ൪൨൩-ൽ ക ൫൭ എന്നീ സ്ഥലങ്ങളാണു് ലേലത്തിൽ പോയതു്.

(സി) ൨ ഏക്കർ ൯ ൭ സെൻറ്.

(ഡി) ഇതിൽ ഒന്നുംതന്നെ ഗവമെണ്ടു തിരിയെ എടുത്തു തരിശിൽ ചേർത്തിട്ടില്ല.

(ഇ) ഡിയുടെ ഉത്തരത്തിൽനിന്നു് ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. റ൦ി. റ൦ി. കേശവൻശാസ്ത്രി: ലേലത്തിൽ വിറ്റുപോയ സ്ഥലം അപേക്ഷകന്മാർ ഉണ്ടെങ്കിൽ അവർക്കു പതിച്ചു കൊടുക്കുന്ന കാര്യത്തെപ്പറ്റി ഗവമെണ്ടു് ആലോചിക്കുമോ?

ശ്രീ. എ. ജെ. ജോൺ: ലേലത്തിൽ വിറ്റിട്ടുള്ള സ്ഥലം പതിച്ചുകൊടുക്കുന്ന കാര്യം വളരെ പ്രയാസമാണു്.

മലേറിയാ ഡിസ്പെൻസറി

*൪൫൯. (ക൫) ശ്രീ. റ൦ി ൦ി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ,—

LIBRARY ARCHIVES Kerala Legislative Assembly

(എ) വിളപ്പിൽ മലേറിയ ഡിസ്പെൻസറി ഒരു ആശുപത്രിയായി ഉയർത്തുവാൻ പൊതുജനങ്ങൾ അഭ്യർത്ഥിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി

(ശ്രീ.എ. ജെ. ജോൺ):(എ)അങ്ങിനെ പൊതുജനങ്ങൾ അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി.) അതേപ്പറ്റി ഗവണ്മെണ്ട് ആലോചിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ: റ്റി. റ്റി. കേശവൻശാസ്ത്രി: ഈ ഡിസ്പെൻസറി എന്നു തുടങ്ങി?

ശ്രീ. എ. ജെ. ജോൺ: എന്നു തുടങ്ങിയെന്നു ഇപ്പോൾ പറയുവാൻ നിവർത്തിയില്ല.

ശ്രീ. റ്റി. റ്റി. കേശവൻശാസ്ത്രി: ഉദ്ദേശം എത്ര വർഷമായി എന്നു പറയാമോ?

ശ്രീ. എ. ജെ. ജോൺ: അതിനും നിവർത്തിയില്ല.

ശ്രീ. എൻ. കെ. കുഞ്ഞുപിള്ള: ഈ ഡിസ്പെൻസറിക്ക് പ്രത്യേകമായി ഡാക്ടറെ നിയമിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഇല്ല.

ബി. സി. ജി. കുത്തിവയ്പ്

*൪൫൦. (ഫന്നു) ശ്രീ. പീലിപ്പോസ് മുതലാളി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പുമന്ത്രി മറുപടി നൽകുമോ.—

(എ) ഫൻ ൪൦ അവസാനംവരെ എത്ര കേന്ദ്രങ്ങളിൽ ബി. സി. ജി. കുത്തിവയ്പ് നടത്തിയിട്ടുണ്ട്;

(ബി) ഫൻ ൪൧–ൽ എത്ര കേന്ദ്രങ്ങളിൽ നടത്തുവാൻ ഉദ്ദേശിക്കുന്നു; എവിടെയെല്ലാം?

കുത്തിവയ്പ് നടത്തിയിട്ടുള്ള കേന്ദ്രങ്ങളിൽ എത്രശതമാനം ആളുകൾക്കു രോഗലക്ഷണങ്ങൾ ഉള്ളതായി വെളിപ്പെട്ടിട്ടുണ്ട്?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി

(ശ്രീ. എ. ജെ. ജോൺ): (എ) ഫൻ ൪൦ അവസാനംവരെ ൯ കേന്ദ്രങ്ങളിൽ ബി. ജി. വാക്സിനേഷൻ നടത്തിയിട്ടുണ്ട്.

(ബി) ഫൻ ൪൧–ൽ പൂളിങ്കുന്ന്, തിരുവല്ലാ, ആലപ്പുഴ, ചേർത്തല, ഫാലക്കുടി, തൃശ്ശൂർ, കൽക്കുളം വിളവംകോട്, നെയ്യാറ്റിങ്കര, പറവൂർ എന്നീ ഫ ൦ സ്ഥലങ്ങളിൽ ബി. സി. ജി. വാക്സിനേഷൻ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) കുത്തിവയ്പ് നടത്തിയിട്ടുള്ള കേന്ദ്രത്തിൽ എത്ര പേർക്കു രോഗലക്ഷണം ഉണ്ടെന്നു് അറിയാൻ സാധ്യമല്ല.

ശ്രീ. പീലിപ്പോസ് മുതലാളി: രോഗം കണ്ടതിനു ശേഷമാണോ കുത്തിവയ്പു നടത്തുന്നതു്, അതോ പ്രിവൻഷൻ നടപടി ആയിട്ടാണോ?

ശ്രീ. എ. ജെ. ജോൺ: പ്രിവൻഷൻ നടപടി ആയിട്ടാണു്.

PLACES OF PUBLIC WORSHIP

*451. [17] **Sri. Paul Thaliath:** Will the Hon'ble the Chief Minister be pleased to state.—

(*a*) whether the Government have any intention to remove the existing restrictions on the construction of places of public worship and cemeteries;

(*b*) whether it is a fact that no such restrictions exist in any of the other States of India; and

(*c*) if the answer to (*b*) is in the affirmative, the reasons for continuing certain restrictions here?

LIBRARY ARCHIVES Kerala Legislative Assembly